**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **08-10-2021 - ൽ മറുപടിയ്ക്ക്**

**നഗരകൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവ് കൃഷി എന്ന ഘടകം നടപ്പിലാക്കി വരുന്നു. സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും, സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റ്, 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗര പ്രദേശത്തെ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾക്ക് 75% സബ്സിഡിയോട് കൂടി പരമാവധി ഒരു യൂണിറ്റിന് 7500/- രൂപ ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന 3 മുതൽ 5 എണ്ണം വരെയുള്ള റസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചിലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഗര പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച്, സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകത്തിനായി 505 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ വഴി നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നഗര പ്രദേശങ്ങളിൽ ഹരിത നഗരി പദ്ധതി പ്രകാരം പച്ചക്കറി തൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾ വഴി പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ പരിശീലനങ്ങളും ഉല്പാദനോപാദികളും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്, തിരുവനന്തപുരം ജില്ലയിലെ ആനയറ എന്നിവിടങ്ങളിലെ വി.എഫ്.പി.സി.കെ കൃഷി ബിസിനസ് കേന്ദ്രകൾ വഴി നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുറത്തിറക്കിയ "വെജിറ്റബിൾ ചലഞ്ച് കിറ്റിന്" വളരെയധികം സ്വീകാര്യത ലഭിക്കുകയുണ്ടായി. പച്ചക്കറി വിത്തിനങ്ങൾക്കു പുറമേ, ഗ്രോബാഗ് ജൈവവളം, ജൈവകീടനാശിനി, വളർച്ചാത്വരകങ്ങൾ, ബയോകൺട്രോൾ ഏജന്റുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കിറ്റ് നൽകിയതു വഴി വീട്ടു വളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഫ്ലാറ്റ് സമുച്ചയങ്ങളിൽ പച്ചക്കറികൃഷിക്ക് ഉപയോഗിക്കാനുതകുംവിധം മലിനജല ശുദ്ധീകരണ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഫ്ലാറ്റ് സമുച്ചയങ്ങളിൽ പച്ചക്കറികൃഷിക്ക് ഉപയോഗിക്കാനുതകുംവിധം ഗാർഹിക മലിനജല ശുദ്ധീകരണ പ്രോജക്ട് 2017-18 വർഷത്തിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) കോഴിക്കോട് വഴി നടപ്പിലാക്കുകയും 10 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജലത്തിന്റെ ഉപയോഗം കുറയ്ക്കുക, ഗാർഹിക മലിനജലം പുനർചംക്രമണം ചെയ്ത് വീണ്ടും ഉപയുക്തമാക്കുക അതിലൂടെ ഓരോ തുള്ളി വെള്ളത്തിൽ നിന്നും കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഫ്ലാറ്റ് സമുച്ചയങ്ങളും, പച്ചക്കറി കൃഷിക്കായി കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും |

| | | | |
|---|---|---|---|
| | | | ഉള്ള ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തത്. പ്രസ്തുത ഫ്ലാറ്റുകളിലെ അടുക്കള, ശുചിമുറി എന്നിവിടങ്ങളിലെ മലിന ജലം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് തുള്ളിനന/തിരിനന/പ്രതല ജലസേചനം എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി. പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കിയതിലൂടെ പച്ചക്കറിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചു. |
| (സി) | സംയോജിത ബഹുവിള പുരയിടകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ജൈവ ഗൃഹം-സംയോജിത കൃഷി (IFS) 2020-22 (രണ്ട് വർഷ പദ്ധതി) നടപ്പിലാക്കി വരുന്നു. പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ടു വളർത്തൽ/ പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/മത്സ്യകൃഷി/ ജൈവവളനിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. കേരളമൊട്ടാകെ ഗ്രാമ-നഗര പ്രദേശങ്ങളിലായി ഇതുവരെ 14463 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പു വരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി (2020-2022) പദ്ധതി നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ നാളിതുവരെ 34.91 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ